LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പട്ടയമേളകൾ

7 [621] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ എത്ര പട്ടയമേളകൾ നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ തിരുവനന്തപുരം ജില്ലയിൽ എത്ര എണ്ണം നടത്തിയിട്ടുണ്ട്;

(സി) പട്ടയമേളകളിലൂടെ ഇതുവരെ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 24 പട്ടയമേളകൾ നടത്തിയിട്ടുണ്ട്.

(ബി) 4 എണ്ണം.

(സി) 6001 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

പുതിയ വില്ലേജ് ഓഫീസുകൾ

8 [622] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വില്ലേജ് ഓഫീസുകൾ ഉണ്ട്;

(ബി) വില്ലേജ് ഓഫീസുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്;

(സി) വില്ലേജ് ഓഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ വില്ലേജ് ഓഫീസുകൾ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ പൂവ്വാർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് തുടങ്ങണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1453 വില്ലേജ് ഓഫീസുകൾ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.